# 33rd

# KERALA STATE
## TELEVISION AWARDS
# 2024



# DECLARATION

**04th March 2026**
**PR Chamber, Government Secretariat**
**Thiruvananthapuram**


**KERALA STATE CHALACHITRA ACADEMY**
Sathyan Memorial Building, Kinfra Film & Video Park,
Chanthavila, Sainik School.P.O., Kazhakuttom,Thiruvananthapuram - 695 585
Tel: 0471-275422, 2755322, email: office@chalachitraacademy.org
www.keralafilm.com

# ജൂറി അംഗങ്ങൾ

## കഥാവിഭാഗം

1. **ശ്രീ.പി.സുകുമാർ (ചെയർപേഴ്സൺ)**
   (സംവിധായകൻ, ഛായാഗ്രാഹകൻ, നടൻ, നിർമ്മാതാവ്, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്)
2. **ഡോ. വിന്ദുജ മേനോൻ (അംഗം)**
   (ചലച്ചിത്ര, ടെലിവിഷൻ നടി, നർത്തകി, ഗായിക)
3. **ശ്രീ.അനിൽ മുഖത്തല (അംഗം)**
   (സിനിമ, ടി.വി തിരക്കഥാകൃത്ത്, എഴുത്തുകാരൻ)
4. **ശ്രീ.മനോജ് ഭാരതി (അംഗം)**
   (മാധ്യമപ്രവർത്തകൻ, നോവലിസ്റ്റ്, തിരക്കഥാകൃത്ത്)
5. **ശ്രീ.സാലു കെ. തോമസ് (അംഗം)**
   (ഛായാഗ്രാഹകൻ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്)
6. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
   (സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി)

## കഥേതര വിഭാഗം

1. **ശ്രീ. ജോൺ സാമുവൽ (ചെയർപേഴ്സൺ)**
   (മാധ്യമപ്രവർത്തകൻ, നടൻ, എഴുത്തുകാരൻ, തിരക്കഥാകൃത്ത്, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്)
2. **ഡോ. ഷിലുജാസ് എം. (അംഗം)**
   (മാധ്യമപ്രവർത്തക, വാർത്താവതാരക)
3. **ശ്രീ. എം.കെ രാംദാസ് (അംഗം)**
   (മാധ്യമപ്രവർത്തകൻ, ഡോക്യുമെന്ററി സംവിധായകൻ, ദേശീയ ചലച്ചിത്രപുരസ്കാര ജേതാവ്)
4. **ശ്രീമതി രശ്മി മാക്സിം (അംഗം)**
   (വാർത്താവതാരക, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്)
5. **ശ്രീ. കെ.പി രമേഷ് (അംഗം)**
   (ഛായാഗ്രാഹകൻ, സംസ്ഥാന മാധ്യമ പുരസ്കാര ജേതാവ്)
6. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
   (സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി)

## രചനാ വിഭാഗം

1. **ഡോ.വൽസലൻ വാതുശ്ശേരി (ചെയർപേഴ്സൺ)**
   (ചലച്ചിത്രനിരൂപകൻ, തിരക്കഥാകൃത്ത്, എഴുത്തുകാരൻ, കേരള സംസ്ഥാന ചലച്ചിത്ര, ടെലിവിഷൻ അവാർഡ് ജേതാവ്)
2. **ഡോ.രാജൻ പെരുന്ന (അംഗം)**
   (ടെലിവിഷൻ നിരൂപകൻ, എഴുത്തുകാരൻ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്)
3. **ഡോ.രശ്മി ജി (അംഗം)**
   (ചലച്ചിത്രനിരൂപക, ഗവേഷക, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്)
4. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
   (സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി)

# 33-ാമത് ടെലിവിഷൻ അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ പരാമർശങ്ങളും നിർദ്ദേശങ്ങളും

## കഥാവിഭാഗം പരാമർശങ്ങൾ

2024 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് നിർണയത്തിനായി കഥാവിഭാഗത്തിൽ 13 ടെലിസീരിയലുകൾ, 34 ടെലിഫിലിമുകൾ, 10 കുട്ടികളുടെ ഹ്രസ്വചിത്രങ്ങൾ, 18 വിനോദപരിപാടികൾ, 6 കോമഡി പ്രോഗ്രാമുകൾ എന്നിങ്ങനെ 81 എൻട്രികളാണ് സമർപ്പിക്കപ്പെട്ടിരുന്നത്.

സമർപ്പിക്കപ്പെട്ട ടെലിഫിലിമുകൾ പുലർത്തിയ നിലവാരം സീരിയലുകൾക്ക് ഉണ്ടായിരുന്നില്ല. ആവർത്തിച്ചു പഴകിയ പ്രമേയങ്ങളാണ് ഭൂരിഭാഗവും സീരിയലുകളും കൈകാര്യം ചെയ്തത്. സ്ത്രീകളെ ദുഷ്ടകഥാപാത്രങ്ങളാക്കുന്ന പ്രവണത അതേപടി തുടരുന്നു. സീരിയലുകൾ കാലിക പ്രസക്തമായ മാറ്റങ്ങൾ പ്രമേയത്തിലും ഉള്ളടക്കത്തിലും കൊണ്ടുവരേണ്ടതുണ്ട്. സീരിയലുകളിൽ ഭൂരിഭാഗവും അന്യഭാഷാപരമ്പരകളുടെ അനുവർത്തനങ്ങളായിരുന്നു. മൗലികമായ സൃഷ്ടികൾ വിരളമാണ്. സാങ്കേതിക വിഭാഗത്തിലും സീരിയലുകൾ പൊതുവെ നിലവാരം പുലർത്തിയില്ല. സ്റ്റോക് മ്യൂസിക് ഉപയോഗിക്കുന്ന പ്രവണത ഒഴിവാക്കി മൗലികമായ പശ്ചാത്തല സംഗീതം ഉപയോഗിക്കേണ്ടതാണ്. ഹാസ്യപരിപാടികൾ പൊതുവെ അരോചകമായിരുന്നു. കുട്ടികൾ അഭിനയിച്ചതുകൊണ്ടുമാത്രം കുട്ടികളുടെ ഹ്രസ്വചിത്രമാവുന്നില്ല. ഈ വിഭാഗത്തിലെ ചിത്രങ്ങളിൽ പലതും കുട്ടികളുടെ വീക്ഷണകോണിൽ നിന്നുള്ളവയായിരുന്നില്ല.

## കഥാവിഭാഗം നിർദ്ദേശങ്ങൾ

1. കേരള സംസ്ഥാന ടെലിവിഷൻ അവാർഡിന്റെ നിയമാവലി കാലോചിതമായി പരിഷ്കരിക്കുന്നതിന് ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി അടിയന്തരമായി ഒരു സമിതി രൂപീകരിക്കേണ്ടതാണ്.
2. താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നിയമാവലി ഭേദഗതി ചെയ്യേണ്ടതാണ്.

എ) ടെലിഫിലിമുകളുടെയും സീരിയലുകളുടെയും വിശദമായ കഥാസംഗ്രഹം സമർപ്പിക്കേണ്ടതാണ്.

ബി) സീരിയലിന്റെ സാങ്കേതിക വിദഗ്ധരുടെയും അഭിനേതാക്കളുടെയും പൂർണമായ വിവരങ്ങൾ വ്യക്തമായി സമർപ്പിക്കണം. ശബ്ദം നൽകിയ വ്യക്തികളുടെയും കഥാപാത്രങ്ങളുടെയും പേരുവിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം.

സി) അവലംബിത കഥകളോ പരമ്പരകളോ (Adaptations) അവതരിപ്പിക്കുമ്പോൾ അത് അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം.

ഡി) മേക്കപ്പ്, കോസ്റ്റ്യൂംസ്, പിന്നണിഗാനം തുടങ്ങിയ വിഭാഗങ്ങളിൽ അവാർഡുകൾ ഏർപ്പെടുത്തണം.

## കഥേതര വിഭാഗം പരാമർശങ്ങൾ

ആകെ 140 എൻട്രികളാണ് പരിഗണനയ്ക്ക് എത്തിയത്. അവയിൽനിന്ന് 15 പുരസ്കാരങ്ങളും 3 പ്രത്യേക ജൂറി പരാമർശങ്ങളുമാണ് നിശ്ചയിച്ചത്. സ്വതന്ത്രമായ നിർമ്മാണവും സെൻസറിംഗും പൂർത്തിയാക്കി സമർപ്പിക്കുന്ന ഡോക്യുമെന്ററികളോട് മൽസരിക്കാൻ ടെലിവിഷൻ ചാനലുകളുടെ പരിപാടികൾക്ക് പലപ്പോഴും കഴിയുന്നില്ലെന്ന് ജൂറി വിലയിരുത്തുന്നു.

സ്ത്രീകൾ, കുട്ടികൾ, വിദ്യാഭ്യാസം, ആരോഗ്യം, പാർശ്വവത്കൃത ജനവിഭാഗം, അന്വേഷണാത്മക റിപ്പോർട്ടിംഗ് തുടങ്ങിയ മേഖലകളിലെ സമഗ്രതയില്ലായ്മ ജൂറി നിരീക്ഷിച്ചു. വാർത്താധിഷ്ഠിത പരിപാടികളിൽ കൃത്യത, അവധാനത, മിതത്വം, വസ്തുത, നിഷ്പക്ഷത, എന്നിവയുടെ ഗുരുതരമായ അഭാവം ജൂറിയുടെ ശ്രദ്ധയിൽപ്പെട്ടു. എൻട്രി ഫോമുകൾ പൂരിപ്പിക്കുന്നതിലെ അശ്രദ്ധയും അപൂർണതയും കാരണം അർഹതപ്പെട്ട പല എൻട്രികളെയും പുരസ്കാരത്തിനായി പരിഗണിക്കാൻ ജൂറിക്ക് കഴിഞ്ഞിട്ടില്ല.

## കഥേതര വിഭാഗം നിർദ്ദേശങ്ങൾ

1. സമർപ്പിക്കപ്പെടുന്ന എൻട്രികളുടെ നിലവാരവും സ്വഭാവവും കണക്കിലെടുത്ത് അനുയോജ്യമായ വിഭാഗങ്ങളിലേക്ക് പരിഗണിക്കുവാനുള്ള സ്വാതന്ത്ര്യം ജൂറിക്ക് നൽകണം.
2. ഡോക്യുമെൻററി വിഭാഗത്തിൽ ക്യാമറ, എഡിറ്റിംഗ്, ശബ്ദലേഖനം എന്നിവയിലും ന്യൂസ് വിഭാഗത്തിൽ ന്യൂസ് റിപ്പോർട്ടർ, വീഡിയോ എഡിറ്റർ എന്നിവയിലും പുരസ്കാരങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
3. അവാർഡിന് സമർപ്പിക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള പരിപാടികൾ സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ പരിഷ്കരിക്കുക.
4. കറൻറ് അഫയേഴ്സ് പരിപാടികളുടെ കാലിക പ്രസക്തി കണക്കിലെടുത്ത് കാലതാമസം കൂടാതെ പുരസ്കാരങ്ങൾ നിർണയിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണം.

# രചനാ വിഭാഗം പരാമർശങ്ങൾ

2024 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡിന്റെ രചനാ വിഭാഗം ജൂറിക്ക് മുമ്പാകെ രണ്ട് പുസ്തകങ്ങളും നാല് ലേഖനങ്ങളുമാണ് സമർപ്പിക്കപ്പെട്ടത്. മികച്ച ടെലിവിഷൻ ഗ്രന്ഥത്തിനുള്ള പുരസ്കാരത്തിന് ഈ രണ്ട് ഗ്രന്ഥങ്ങളും അർഹമല്ല എന്ന് ജൂറി വിലയിരുത്തി. എങ്കിലും ടെലിവിഷൻ സംബന്ധമായ ചില കാഴ്ചപ്പാടുകളും പുതിയ ചില സമീപനങ്ങളും പരിചയപ്പെടുത്തുന്നതിനാൽ 'ടെലിവിഷൻ: വിനിമയവും വിശകലനവും' എന്ന ഗ്രന്ഥത്തിന് പ്രത്യേക ജൂറി പരാമർശം നൽകാവുന്നതാണെന്ന് ജൂറി ശുപാർശ ചെയ്യുന്നു.

ലഭിച്ച നാല് ലേഖനങ്ങളിൽ ടെലിവിഷൻ പരിപാടികളെ സമഗ്രമായി വിശകലനം ചെയ്യുന്നതിൽ പല രചനകളും വേണ്ടത്ര വിജയിച്ചിട്ടില്ല. എൻട്രികളിൽ ഒന്ന് പൊതുവായ സാമൂഹിക വിമർശനത്തിന്റെ തലത്തിൽ നിൽക്കുകയല്ലാതെ ടെലിവിഷൻ ഉള്ളടക്കങ്ങളെ പരാമർശിക്കുന്നില്ല.

# രചനാ വിഭാഗം നിർദ്ദേശങ്ങൾ

1. പുസ്തകത്തിനുള്ള പുരസ്കാരത്തിന് ഇപ്പോഴുള്ള രണ്ടു പുസ്തകങ്ങളെങ്കിലും വേണം എന്ന നിബന്ധന അനുചിതമായി തോന്നുന്നു. കാരണം, താരതമ്യം ചെയ്തല്ല ഏറ്റവും നല്ല പുസ്തകം കണ്ടുപിടിക്കേണ്ടത്. ഈ നിബന്ധന മൂലം വളരെ ഉൽകൃഷ്ടമായ ഒരു ഗ്രന്ഥത്തിന് അംഗീകാരമോ ആദരമോ കിട്ടാതെ പോയേക്കാം.

2. ഏറ്റവും നല്ല പുസ്തകത്തിനും ഏറ്റവും നല്ല ലേഖനത്തിനും 10,000/- രൂപ വീതമാണ് ഇപ്പോൾ നൽകുന്നത്. ഇത് ഉചിതമല്ല. അതിനാൽ മികച്ച ഗ്രന്ഥത്തിനുള്ള അവാർഡ് തുക 20,000/- രൂപയായി ഉയർത്തണമെന്ന് ജൂറി ശുപാർശ ചെയ്യുന്നു.

3. ടെലിവിഷൻ സംബന്ധമായ ധാരാളം ലേഖനങ്ങൾ വിവിധ ആനുകാലികങ്ങളിൽ പ്രസിദ്ധീകൃതമാകുന്നുണ്ടെന്നാണ് കമ്മിറ്റി നിരീക്ഷിക്കുന്നത്. ഇവയിൽ പലതും സംസ്ഥാന ടെലിവിഷൻ അവാർഡിന്റെ പരിഗണനയ്ക്കായി അയച്ചുകാണുന്നില്ല. അവാർഡ് വിജ്ഞാപനത്തിന്റെ പബ്ലിസിറ്റി വിപുലപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

◆◆◆

# അവാർഡുകൾ

## രചനാ വിഭാഗം

1. **മികച്ച ലേഖനം** : **താരശരീരം ടെലിവിഷൻ പരിഭാഷപ്പെടുത്തുമ്പോൾ**

**രചയിതാവ്** : **ജിതിൻ കെ.സി**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ചലച്ചിത്രങ്ങളിൽ തങ്ങളുടെ ആണത്ത, അധികാര പ്രയോഗങ്ങളിൽ അഭിരമിക്കുന്ന താരങ്ങൾ, ടെലിവിഷനിൽ തങ്ങളുടെ താരപദവി നിർമ്മിച്ച സ്വരൂപത്തെ ഉടച്ചുവാർക്കുന്നതെങ്ങനെയെന്ന് അപഗ്രഥിക്കുന്ന ലേഖനം.

2. **പ്രത്യേക ജൂറി പരാമർശം** : **ടെലിവിഷൻ: വിനിമയവും വിശകലനവും**

**ഗ്രന്ഥകർത്താവ്** : **ഡോ.നെത്തല്ലൂർ ഹരികൃഷ്ണൻ**
(പ്രശസ്തിപത്രവും ശില്പവും)

ടെലിവിഷനുമായി ബന്ധപ്പെട്ട് ആഗോളതലത്തിൽ ഉയർന്നുവന്നിട്ടുള്ള ടെലിവിഷൻ ഫെമിനിസം, മനഃശാസ്ത്രം തുടങ്ങിയ നവീന ചിന്തകളും പദ്ധതികളും സാംസ്കാരിക വ്യവഹാരങ്ങളും പ്രമാണ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി സാമാന്യമായി പരിചയപ്പെടുത്തുന്ന ഗ്രന്ഥം.

◆◆◆

# അവാർഡുകൾ

## കഥാവിഭാഗം

1. **മികച്ച ടെലി സീരിയൽ** : **മഴയെത്തും മുൻപെ (അമൃത ടി.വി)**

**സംവിധാനം** : **ജിജോ വർഗീസ് ആന്റണി**
(25,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **അരുൺ രാജ് ആർ**
(25,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**തിരക്കഥ** : **ദിനേഷ് പള്ളത്ത്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ലാഭേച്ഛ കൊതിക്കുന്ന വർത്തമാനകാല പ്രവണതകളും ജീവിതമൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഉറച്ച നിലപാടുകളും തമ്മിലുള്ള ശീതസമരം അതിഭാവുകത്വങ്ങളില്ലാതെ അവതരിപ്പിക്കുന്ന പരമ്പര.

2. **മികച്ച രണ്ടാമത്തെ ടെലി സീരിയൽ : വസുധ** (കൗമുദി ടി.വി)

**സംവിധാനം** : **സൂരജ് എസ്.ആർ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **കിഷോർ കരമന**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

രണ്ടാംജന്മം പോലെ തിരിച്ചുകിട്ടിയ ജീവിതത്തെ നട്ടുപിടിപ്പിക്കാൻ ക്ലേശിക്കുന്ന, വിധിവഴിയിലെ പ്രതിബന്ധങ്ങളിൽ ഉലഞ്ഞുപോയ ഒരു സ്ത്രീയുടെ ജീവിതത്തെ ഇതഃപര്യന്തം ആകാംക്ഷയുണർത്തുന്ന വിധത്തിൽ അവതരിപ്പിച്ച പരമ്പര.

3. **മികച്ച ടെലി ഫിലിം** : **മൊളഞ്ഞി** (സി.സി.ടി.വി ചാനൽ)
(20 മിനിട്ടിൽ കുറവ്)

**സംവിധാനം** : **മഹേഷ് കുമാർ എം.**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **1. വിജയ്ഗോവിന്ദ് നാഥ്**
**2. അംബ്രോസ് കൂലിയാത്ത്**
**3. മഹേഷ് കുമാർ എം.**
(5,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

**തിരക്കഥ** : **1. മഹേഷ് കമാർ എം.**
**2. ഷർമ്മിൽ ശിവരാമൻ**
(5,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

ഇണക്കങ്ങളും പിണക്കങ്ങളും ഇടകലർന്ന കുടുംബബന്ധങ്ങളുടെ തീവ്രതയെ ഫലപ്രദമായി അവതരിപ്പിച്ച ഹ്രസ്വചിത്രം. കുറഞ്ഞ സമയംകൊണ്ട് കഥാപാത്രങ്ങളുടെ സ്വാഭാവിക പ്രകടനങ്ങളിലൂടെ യഥാതഥമായ ജീവിത സാഹചര്യങ്ങളെ അനാവരണം ചെയ്യുന്നു.

**4. മികച്ച ടെലി ഫിലിം** (20 മിനിട്ടിൽ കൂടിയത്) : **എഫ് ഫോർ ഫ്രീഡം** (സെൻസേഡ്)

**സംവിധാനം** : **1. റിയ ദിനേഷ്**
**2. അർജുൻ കൃഷ്**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

**നിർമ്മാണം** : **1. വനജമ്മ പി.കെ.,**
**2. കൃഷ്ണനുണ്ണി ബാലചന്ദ്രൻ**
**3. ടി.കെ.ദിനേഷ്കുമാർ**
(6,666/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

**തിരക്കഥ** : **1. റിയ ദിനേഷ്**
**2. അർജുൻ കൃഷ്**
(7,500/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

ഊഷരമായ ജീവിത സാഹചര്യങ്ങളിൽ നിന്ന് സർഗാത്മകതയുടെയും സ്വാതന്ത്ര്യത്തിന്റെയും ഉർവ്വരമായ ആകാശം കണ്ടെത്തിയ ഒരു സ്ത്രീയുടെ സഫലമായ ശ്രമങ്ങളെ അവതരിപ്പിക്കുന്ന ചിത്രം.

---

**5. മികച്ച കഥാകൃത്ത്** (ടെലിസീരിയൽ/ടെലിഫിലിം) : **അഭിനവ് സി.**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **കാലം** (സെൻസേർഡ്)

അനിവാര്യമായ സാമൂഹിക ആചാരങ്ങളോട് പൊരുത്തപ്പെട്ട് ജീവിക്കാനുള്ള ഒരു വ്യക്തിയുടെ ശ്രമങ്ങളും അതിന്റെ പരിണതഫലങ്ങളും ഫലപ്രദമായി അവതരിപ്പിക്കുന്ന രചന.

---

**6. മികച്ച ടി.വി.ഷോ (എന്റർടെയ്ൻമെന്റ്)** : **മറിമായം** (മഴവിൽ മനോരമ)

**നിർമ്മാണം** : **എം.എം.ടി.വി ലിമിറ്റഡ്**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

സാമൂഹ്യ പ്രസക്തമായ വിഷയങ്ങൾ ആക്ഷേപഹാസ്യത്തിന്റെ കണ്ണിലൂടെ നോക്കിക്കാണുന്ന പരിപാടി.

---

**7. മികച്ച കോമഡി പ്രോഗ്രാം** : **ഫ്ളവേഴ്സ് കോമഡി ഇത് ഐറ്റം വേറെ**
(ഫ്ളവേഴ്സ് ടി.വി)

**സംവിധാനം** : **അർജുൻ വിളയാടശ്ശേരിൽ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **ഫ്ളവേഴ്സ് ടി.വി**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പുതിയ കലാകാരന്മാർക്ക് അവസരം നൽകി മികച്ച നർമ്മമുഹൂർത്തങ്ങൾ ഉൾപ്പെടുത്തിയ ഹാസ്യപരിപാടി.

**8. മികച്ച ഹാസ്യാഭിനേതാവ്** : **പോൾസൺ കുത്താട്ടുകുളം**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ഫ്ളവേഴ്സ് കോമഡി ഇത് ഐറ്റം വേറെ**
(ഫ്ളവേഴ്സ് ടി.വി)

സ്വാഭാവികതയോടെയും അതിഭാവുകത്വമില്ലാതെയും മികച്ച ടൈമിംഗിൽ കഥാപാത്രത്തെ ഹാസ്യാത്മകമായി അവതരിപ്പിച്ചതിന്.

**9. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ)** : **ശങ്കർലാൽ എസ്.വി**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **സുഭദ്രം** (സീ കേരളം)

പ്രതിനായകന്റെ വ്യത്യസ്തഭാവങ്ങൾക്കനുസൃതമായി മികച്ച രീതിയിൽ ശബ്ദം പകർന്നതിന്.

**10. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ)** : **ശ്രീജാരവി**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **എഫ് ഫോർ ഫ്രീഡം** (സെൻസേർഡ്)

കേന്ദ്രകഥാപാത്രത്തിന് സ്വാഭാവികതയോടെയും തന്മയത്വത്തോടെയും ശബ്ദം പകർന്ന മികവിന്.

**11. കുട്ടികളുടെ മികച്ച ഷോർട്ട് ഫിലിം** : **ട്രാപ്പ്** (പെരിയാർ വിഷൻ)

**സംവിധാനം** : **രാഹുൽ രഘു**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **രഘു പണിക്കശ്ശേരി**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**തിരക്കഥ** : **രാഹുൽ രഘു**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

മികച്ച സാങ്കേതികതയുടെ പിൻബലത്തോടെ ശക്തമായ ഒരു സന്ദേശം കുട്ടികളിലേക്കും മുതിർന്നവരിലേക്കും ഒരുപോലെ എത്തിച്ച ചിത്രം.

**12. മികച്ച സംവിധായകൻ** (ടെലിസീരിയൽ/ടെലിഫിലിം) : **അമോസ് ടി.ജി**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ഓപ്പോണെന്റ്** (നിള 24 ലൈവ്)

ഒരു സിനിമയുടെ എല്ലാ മേഖലകളെയും ഫലപ്രദമായും മനോഹരമായും സമന്വയിപ്പിച്ച സംവിധാന മികവിന്.

13. **മികച്ച നടൻ** : **കൃഷ്ണചന്ദ്രൻ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **മഴയെത്തും മുൻപെ** (അമൃത ടി.വി)

വിഭിന്നമായ അഭിനയരീതികൊണ്ട് ജീവിതത്തിലെ ഉയർച്ച താഴ്ചകൾ, ബന്ധങ്ങളിലെ വിള്ളലുകൾ, നിസ്സഹായത, പ്രതികാരം തുടങ്ങിയ വിവിധ ഘട്ടങ്ങളെ ഫലപ്രദമായി അവതരിപ്പിച്ച പ്രകടനമികവിന്.

---

14. **മികച്ച രണ്ടാമത്തെ നടൻ** : **കിഷോർ റോഷിക്**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ഓപ്പോണെന്റ്** (നിള 24 ലൈവ്)

കൈപ്പിഴ മൂലമുണ്ടായ വലിയൊരു തെറ്റിന്റെ കുറ്റബോധം, ജീവിതത്തിലെ പ്രതീക്ഷകൾ, സുന്ദര സ്വപ്നങ്ങൾ തുടങ്ങി വിവിധങ്ങളായ മുഹൂർത്തങ്ങളെ തന്മയത്വത്തോടെ അവതരിപ്പിച്ചതിന്.

---

15. **മികച്ച നടി** : **ശ്രീധന്യ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)
**പരിപാടി** : **മഴയെത്തും മുൻപെ** (അമൃത ടി.വി)

ജീവിതത്തിലും തൊഴിലിലും സത്യസന്ധത പുലർത്തുന്ന ഒരു സ്ത്രീ, അപ്രതീക്ഷിത സാഹചര്യങ്ങളിൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിന്റെ സമർത്ഥമായ അവതരണത്തിന്.

---

16. **മികച്ച രണ്ടാമത്തെ നടി** : **ജാനകി മന്ത്ര**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ഹോം** (ഫ്ളവേഴ്സ് ടി.വി.)

നർമ്മമുഹൂർത്തങ്ങളെയും ഗൗരവമേറിയ ജീവിത സാഹചര്യങ്ങളെയും തന്മയത്വത്തോടെ അവതരിപ്പിച്ച പ്രകടന മികവിന്.

---

17. **മികച്ച ബാലതാരം** : **ബേബി അമേയ**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : 1. **സ്വർഗവാതിൽപ്പക്ഷി** (സൂര്യ ടി.വി)
2. **ഉപ്പും മുളകും 3** (ഫ്ളവേഴ്സ്)

സ്വർഗവാതിൽപ്പക്ഷിയിലെ ഇരട്ടവേഷം, ഉപ്പും മുളകും എന്ന കോമഡി സീരിയലിലെ നർമ്മരസപ്രധാനമായ വേഷം എന്നിവ മനോഹരമായി അവതരിപ്പിച്ചതിന്.

**18. മികച്ച ഛായാഗ്രാഹകൻ : വിഷ്ണു ജി.എസ്**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : സുഭദ്രം** (സീ കേരളം)

പരമ്പരയിലുടനീളം ദൃശ്യചാരുത നിലനിർത്തിക്കൊണ്ട് കഥാസന്ദർഭത്തിന് തികച്ചും അനുയോജ്യമായ ലൈറ്റിംഗും ഫ്രെയിമിംഗും നിർവഹിച്ചതിന്.

**19. മികച്ച ദൃശ്യസംയോജകൻ : ഫാസിൽ റസാഖ്**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : ഓപ്പോണന്റ്** (നിള 24 ലൈവ്)

കഥാഗതിക്ക് അനുയോജ്യമായ താളാത്മകതയോടെ ദൃശ്യസന്നിവേശം നിർവഹിച്ചതിന്.

**20. മികച്ച സംഗീത സംവിധായകൻ : വൈശാഖ് സോമനാഥ്**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി :**
1. **മൊളഞ്ഞി** (സി.സി.ടി.വി ചാനൽ)
2. **വീട്ടിലേക്ക്** (വടക്കാഞ്ചേരി കേബിൾ വിഷൻ)
3. **ഓപ്പോണന്റ്** (നിള 24 ലൈവ്)

വിവിധ കഥാസാഹചര്യങ്ങൾക്കനുസൃതമായി വ്യത്യസ്തമായ രീതിയിൽ സംഗീതം പകർന്നതിന്.

**21. മികച്ച ശബ്ദലേഖകൻ : അക്ഷയ് വാൽകെ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000 /- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : കാലം** (സെൻസേഡ്)

വ്യക്തവും സൂക്ഷ്മവുമായ ശബ്ദലേഖനത്തിലൂടെ കഥാപശ്ചാത്തലത്തിന്റെ അന്തരീക്ഷം പുനഃസൃഷ്ടിച്ച നൈപുണ്യത്തിന്.

**22. മികച്ച കലാസംവിധായകൻ : ഇഷാഖ് മുസാഫിർ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : ഓപ്പോണന്റ്** (നിള 24 ലൈവ്)

നിറങ്ങളും പ്രോപ്പർട്ടികളും ഉപയോഗിച്ച് യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ കഥാപശ്ചാത്തലനിർമ്മിതി നടത്തിയ മികവിന്.

## പ്രത്യേക ജൂറി പരാമർശങ്ങൾ

**1. ടി.വി. ഷോ എന്റർടെയ്ൻമെന്റ്**

**പരിപാടി** : **അശ്വമേധം** (കൈരളി ടി.വി)

**നിർമ്മാണം** : **മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്**
(പ്രശസ്തിപത്രവും ശില്പവും)

വിനോദത്തിലൂടെ വിജ്ഞാനത്തിന്റെ വിപുലമായ മേഖല തുറന്നുകാട്ടുന്ന ഇൻഫൊട്ടെയ്ൻമെന്റ് പ്രോഗ്രാം.

---

**2. അഭിനയം** : **ഗായത്രി ഗോവിന്ദ്**
(പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **നിന്നെയും കാത്ത്** (മലനാട് ടി.വി)

കഥാരചനയും സംവിധാനവും നിർവഹിക്കുകയും പ്രതീക്ഷാനിർഭരമായ നാളുകളിൽ നിന്ന് ത്യാഗപൂർണമായ ഒഴിഞ്ഞുമാറ്റത്തിന് തയാറാകുന്ന നായികയെ അഭിനയിച്ചു ഫലിപ്പിക്കുകയും ചെയ്ത മികവിന്.

♦♦♦

# അവാർഡുകൾ

## കഥേതര വിഭാഗം

1. **മികച്ച ഡോക്യുമെന്ററി (ജനറൽ)** : **സ്ലേവ്സ് ഓഫ് ദി എംപയർ**
(കേരളവിഷൻ)

**സംവിധാനം** : **ഡോ.രാജേഷ് ജെയിംസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : 1. **ബിനോയ് വരകിൽ**
2. **മെറിൽ സാറ കുര്യൻ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

കൊളോണിയൽ സംസ്കാരത്തിന്റെ ബാക്കിപത്രമായ കൊച്ചിയിലെ അലക്കു തൊഴിലാളികളുടെ ജീവിത യാഥാർത്ഥ്യങ്ങൾ മികവോടെ പകർത്തിയതിന്.

---

2. **മികച്ച ഡോക്യുമെന്ററി (സയൻസ് & എൻവയോൺമെന്റ്)** : **നീലഗിരി മാർട്ടൻ** (ജനം ടി.വി)

**സംവിധാനം** : **കൃഷ്ണരാജ് വി.എസ്**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **കൃഷ്ണരാജ് വി.എസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പശ്ചിമഘട്ട മലനിരകളിൽ കണ്ടുവരുന്ന വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗമായ നീലഗിരി മാർട്ടനെ കണ്ടെത്തി ചിത്രീകരിക്കുക എന്ന ദുഷ്കരമായ ദൗത്യം നിർവഹിച്ച സംവിധാന മികവിന്.

---

3. **മികച്ച ഡോക്യുമെന്ററി (ബയോഗ്രഫി)** : **ലെജൻഡ്സ് (കെ.വേണു)**
(ഏഷ്യാനെറ്റ് ന്യൂസ്)

**സംവിധാനം** : **എം.ജി.അനീഷ്**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **ഏഷ്യാനെറ്റ് ന്യൂസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ശാസ്ത്രത്തിൽ നിന്ന് തത്ത്വചിന്തയിലേക്കും പിന്നീട് രാഷ്ട്രീയ വിപ്ലവത്തിലേക്കും വഴിമാറി സഞ്ചരിച്ച കെ.വേണുവിന്റെ ദാർശനികയാത്രയെ അടയാളപ്പെടുത്തിയ മികവിന്.

**4. മികച്ച ഡോക്യുമെന്ററി (വിമൻ & ചിൽഡ്രൻ)** : **ഐ ആം എയ്റ്റീൻ** (സെൻസേഡ്)

**സംവിധാനം** : **ശശികുമാർ** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **സുരേഷ് നായർ** (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ഗോത്രജീവിത പരിസരത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരിടേണ്ടി വരുന്ന വിവിധ വെല്ലുവിളികൾ പരിശോധിച്ച് അവതരിപ്പിച്ചതിന്

**5. മികച്ച എഡ്യുക്കേഷണൽ പ്രോഗ്രാം** : **ആർത്തവത്തിന്റെ കലയും കാലവും** (ദൂരദർശൻ)

**സംവിധാനം** : **രഞ്ജിത് രവി** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **രഞ്ജിത് രവി** (ദൂരദർശൻ മലയാളം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ആർത്തവത്തെക്കുറിച്ചുള്ള മിഥ്യാധാരണകളും വസ്തുതകളും തുറന്നു ചർച്ച ചെയ്യുന്നതിലൂടെ ഈ ജൈവപ്രക്രിയ സംബന്ധിച്ച ബോധവത്കരണം സാധ്യമാക്കിയ വിദ്യാഭ്യാസ പരിപാടി.

**6. മികച്ച ആങ്കർ (എഡ്യുക്കേഷണൽ പ്രോഗ്രാം)** : **ശ്രീദത്ത് എസ്. പിള്ള** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ആർത്തവത്തിന്റെ കലയും കാലവും** (ദൂരദർശൻ മലയാളം)

തികച്ചും അനുയോജ്യവും കാര്യമാത്രപ്രസക്തവുമായ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അനായാസമായും സ്വാഭാവികമായും ഒരു വിദ്യാഭ്യാസ പരിപാടി അവതരിപ്പിച്ച മികവിന്.

**7. മികച്ച സംവിധായകൻ (ഡോക്യുമെന്ററി)** : **ഷിഹാബ് ഓങ്ങല്ലൂർ** (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **റിക്കാർഡ് ഡാൻസ്** (കേരളവിഷൻ ന്യൂസ്)

ഒരിക്കൽ കേരളത്തിലെ ഗ്രാമങ്ങളെ ചിരിപ്പിച്ചും ത്രസിപ്പിച്ചും രാത്രികൾ ആടിത്തിമർത്ത 'റിക്കാർഡ് ഡാൻസ്' എന്ന അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലയെക്കുറിച്ചും കലാകാരന്മാരെക്കുറിച്ചുമുള്ള അവതരണത്തിലെ മികവിന്.

**8. മികച്ച ന്യൂസ് ക്യാമറാപേഴ്സൺ** : **അഭിലാഷ് വി.** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **കുഞ്ഞിനെ തേടി ഒരമ്മ** (24 ന്യൂസ്)

ചൂരൽമല ഉരുൾപൊട്ടലിൽ മണ്ണിനടിയിൽ അകപ്പെട്ട യജമാനനെയും കുടുംബത്തെയും തേടിയലഞ്ഞ വളർത്തുനായയുടെ ഭാവങ്ങൾ പകർത്തിയ മികവിന്.

**9. മികച്ച വാർത്താവതാരക** : **സ്വപ്ന ബി.നായർ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ഗുഡ്മോണിംഗ് കേരളം** (അമൃത ടെലിവിഷൻ)

വ്യക്തതയോടെയും സ്വാഭാവികതയോടെയും വാർത്തകൾ അവതരിപ്പിച്ചതിലുള്ള മികവിന്.

---

**10. മികച്ച കോമ്പിയർ/ആങ്കർ** : **ഷാനി ടി.പി.**
(വാർത്തേതര പരിപാടി) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **പെൺതാരം** (മനോരമ ന്യൂസ്)

പങ്കെടുക്കുന്നവരിലും പ്രേക്ഷകരിലും പ്രചോദനമുണ്ടാക്കുന്ന തരത്തിൽ ചടുലതയാർന്ന അവതരണത്തിന്റെ മികവിന്.

---

**11. മികച്ച കമന്റേറ്റർ** : **സുദർശനൻ കുടപ്പനമൂട്**
(Out of Vision) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **സോദരത്വേന** (ഫോർ സൈഡ്സ് ടി.വി)

ഉച്ചാരണശുദ്ധിയും വിവരണമികവും പുലർത്തിയ അവതരണത്തിന്.

---

**12. മികച്ച ആങ്കർ/ഇന്റർവ്യൂവർ: ഹാഷ്മി താജ് ഇബ്രാഹിം**
**(കറന്റ് അഫയേഴ്സ്)** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ജനകീയ കോടതി - സാന്ദ്രതോമസ്**
(24 ന്യൂസ്)

ലളിതവും പ്രസക്തവുമായ ചോദ്യങ്ങളിലൂടെ അവധാനതയോടെയുള്ള അവതരണത്തിലൂടെ സംവാദം മികവുറ്റതാക്കിയതിന്.

---

**13. മികച്ച ഇൻവെസ്റ്റിഗേറ്റീവ്** : **പ്രശാന്ത് കൃഷ്ണ ജി.**
**ജേർണലിസ്റ്റ്** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ലോട്ടറിയിലെ ബമ്പർ തട്ടിപ്പ്**
(മാതൃഭൂമി ന്യൂസ്)

ഓൺലൈൻ ലോട്ടറി എന്ന നിയമവിരുദ്ധ ഭാഗ്യപരീക്ഷണത്തിലൂടെ സാധാരണ മനുഷ്യർക്കുണ്ടാവുന്ന ധനനഷ്ടത്തെ ബോധ്യപ്പെടുത്തുന്ന അന്വേഷണത്തിന്.

---

**14. മികച്ച ടി.വി.ഷോ (കറന്റ് അഫയേഴ്സ്)**

**പരിപാടി** : **നാട്ടുസൂത്രം** (മനോരമ ന്യൂസ്)

**നിർമ്മാണം** : എം.എം.ടി.വി ലിമിറ്റഡ്
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടത്തുന്ന സൂക്ഷ്മതല ഇടപെടലുകൾ വ്യക്തതയോടെ അവതരിപ്പിച്ച മികവിന്

15. **കുട്ടികൾക്കുള്ള മികച്ച പരിപാടി** : **ജസ്റ്റ് കിഡ്ഡിംഗ്**
(ഏഷ്യാനെറ്റ് ന്യൂസ്)

**സംവിധാനം** : **അഞ്ജലി പ്രിയാദാസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **അഞ്ജലി പ്രിയാദാസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

അതിഥികളായ കുട്ടികൾക്കും പ്രേക്ഷകർക്കും വീടുകളിലെ സ്നേഹ സംഭാഷണങ്ങൾ പോലെയുള്ള അനുഭവം പ്രദാനം ചെയ്തതിലെ മികവിന്.

♦♦♦

## പ്രത്യേക ജൂറി പരാമർശങ്ങൾ

1. **ഡോക്യുമെന്ററി (ജനറൽ)**

**സംവിധാനം** : **പി.അജിത് കുമാർ**
(ശിൽപ്പവും പ്രശസ്തിപത്രവും)

**പരിപാടി** : **ജലമുദ്ര**
(സെൻസേർഡ്)

ആദിമ കേരളത്തിലെ ജലപാതകളെക്കുറിച്ചുള്ള സമഗ്രവിവര ശേഖരണം. ജലയാനങ്ങളുടെ പങ്ക് തുടങ്ങുന്നതു മുതലുള്ള ചരിത്രം 15 വർഷത്തെ പരിശ്രമം കൊണ്ട് പൂർത്തിയാക്കിയ സംവിധാന മികവിനെ ജൂറി പ്രത്യേകം പരാമർശിക്കുന്നു.

2. **ഡോക്യുമെന്ററി (സയൻസ് ആന്റ് എൻവയേൺമെന്റ്)**

**സംവിധാനം** : **ബിജു മുത്തത്തി**
(ശിൽപ്പവും പ്രശസ്തിപത്രവും)

**പരിപാടി** : **വിത്തുഗുണം**
(കൈരളി ന്യൂസ്)

പരിസ്ഥിതിയെ മുറിവേൽപ്പിക്കാത്ത വടക്കൻ കേരളത്തിലെ കൈപ്പാട് നെൽകൃഷിയെക്കുറിച്ചും അതിന്റെ പ്രചാരകയായ കാർഷിക ശാസ്ത്രജ്ഞയുടെ ജീവിതകഥയും സമഗ്രമായി ചിത്രീകരിച്ചതിനെ ജൂറി പ്രത്യേകം പരാമർശിക്കുന്നു.

3. **ഡോക്യുമെന്ററി (ബയോഗ്രഫി)**

**സംവിധാനം** : **1. ബിന്ദു സാജൻ**
**2. അഭിജിത്ത് നാരായണൻ**
(ശിൽപ്പവും പ്രശസ്തിപത്രവും വീതം)

**പരിപാടി** : **സ്വാമി ആനന്ദതീർത്ഥൻ: നിഷേധിയുടെ ആത്മശക്തി**
(ഗ്ലോബൽ കേബിൾ വിഷൻ)

അധഃസ്ഥിതവർഗത്തിന്റെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞുവെയ്ക്കുകയും തൊട്ടുകൂടായ്മയ്ക്കെതിരെ പടനയിക്കുകയും ചെയ്ത സ്വാമി ആനന്ദതീർത്ഥന്റെ ജീവിതരേഖ അടയാളപ്പെടുത്തുന്നതിലെ സംവിധാന മികവിനെ ജൂറി പ്രത്യേകം പരാമർശിക്കുന്നു.

♦♦♦

## ഇ-പ്രസ്സ് കിറ്റ്

**ഇലക്ട്രോണിക് പ്രസ്സ് കിറ്റ് ഡൗൺലോഡ് ചെയ്യുന്നതിനായി ക്യൂ. ആർ. കോഡ് സ്കാൻ ചെയ്യുക.**